**കേരള സർക്കാർ**

സംഗ്രഹം

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിനെ "3454-02-112-90", "3454-02-203-96" എന്നീ ശീർഷകങ്ങളുടെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് -പരിഷ്കരിച്ച് - ഉത്തരവാകുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **1510/2018/ധന.** തിരുവനന്തപുരം, തീയതി, **26.02.2018**

---

പരാമർശം - 1. 24.06.2017 ലെ സ.ഉ(സാധാ) നം. 5180/2017/ധന

2. 03.10.2017 ലെ നം. പി എൽ (2)9233/2017/ഡിഇഎസ് നമ്പറായുള്ള സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ കത്ത്

**ഉത്തരവ്**

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം സാസാ (സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ) യുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുന്നതിനായി 2017-18 വർഷത്തിൽ പുതുതായി അനുവദിച്ചിട്ടുള്ള "3454-02-112-90", "3454-02-203-96" എന്നീ ശീർഷകങ്ങളുടെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി ഡയറക്ടർ, എസ്.ഡി.ആർ.റ്റി & സാസായെ നിയോഗിച്ച് ഉത്തരവായിരുന്നു. എന്നാൽ ഡയറക്ടറെ പ്രസ്തുത ശീർഷകങ്ങളുടെ ഡിഡിഒ ആക്കിയത് പരിശീലന പരിപാടികൾക്കും മറ്റു പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും തടസ്സം നേരിടുമെന്നും അതിനാൽ പരാമർശത്തിലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിനെ "3454-02-112-90", "3454-02-203-96" എന്നീ ശീർഷകങ്ങളുടെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് അനുമതി നൽകണമെന്ന് സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറൽ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിനെ "3454-02-112-90", "3454-02-203-96" എന്നീ ശീർഷകങ്ങളുടെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് ഉത്തരവാകുന്നു.

പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ആന്റ്.ഇ/ജി.ആന്റ്എസ്.എസ്.എ)കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ.ആന്റ് ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

ഡയറക്ടർ, സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യ (G) വകുപ്പ് (e-file No : PLGEA-B1/116/2017-PLGEA പ്രകാരം)

ധനകാര്യ (Exp.B) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ